MARCH
2025



# THE BIBLE TRUTH
# ബൈബിൾ ട്രൂത്ത്

**പിതാവായ ദൈവം**

↓

**പുത്രനായ ക്രിസ്തു മുഖാന്തരം**

↓

**അപ്പൊസ്തലന്മാർക്ക് നൽകി**

↓

**അപ്പൊസ്തലന്മാർ മുഖാന്തരം**

↓

**സർവ്വ ലോകത്തിനും നൽകി**

↓

**ആ രക്ഷാദൂത് സകല മനുഷ്യരും അനുസരിക്കണം**

- *രക്ഷിക്കപ്പെടുന്നവരെ കർത്താവ് സഭയോടു ചേർക്കുന്നു.*
- *നാമധേയ വിഭാഗങ്ങളെല്ലാം ദൈവ പദ്ധതിക്കു പുറത്താണ്.*
- *കൃപയാൽ സൗജന്യമായത്രെ ദൈവം രക്ഷിക്കുന്നത്.*
- *വിശ്വസിക്കുന്നവർ പാപങ്ങളെ വിട്ട് മാനസാന്തരപ്പെടും.*
- *പാപമോചനത്തിന് ക്രിസ്തുവിന്റെ ഉപദേശം അനുസരിക്കണം.*
- *നിത്യജീവന്റെ വചനമാണ് പുതിയ നിയമത്തിലുള്ളത്.*
- *പിതാവിന്റെ ഉപദേശപ്രകാരമാണ് ക്രിസ്തു സംസാരിച്ചത്.*

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 50** **March 2025** **No.14**

## എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും ഇപ്പോൾ വികസനത്തിന്റെ ധ്വനികൾ ഉയർന്നു കേൾക്കുന്നുണ്ട്. പല രീതിയിലുള്ള വികസനമാണ് ഓരോ രാജ്യത്തിലും നടക്കുന്നത്. മനുഷ്യർ പെരുകുന്നതോടെ അവരുടെ ആവശ്യങ്ങളും വർധിക്കുന്നു. അത് കൊണ്ട് പരിഷ്കൃത മനുഷ്യരും അതനുസരിച്ച് ചിന്തിക്കുന്നത് സ്വാഭാവികമാണ്. ചില കാര്യങ്ങളിൽ വികസനം നടത്തുകയും മറ്റു കാര്യങ്ങളിൽ നടത്താതിരിക്കുകയും ചെയ്യുന്ന ഭരണത്തലവന്മാരുണ്ട്. അക്കാരണത്താൽ ഭരണം നഷ്ടപ്പെടുന്നവരുമുണ്ട്. സാമൂഹികമായും സാങ്കേതികമായും വളരുന്ന സാഹചര്യം നല്ലതാണെന്ന് ഒരു വിധത്തിൽ പറയാം. എങ്ങനെയാണെങ്കിൽ എന്നതാണ് നോക്കേണ്ടത്. മനുഷ്യരുടെ ഭൗതികവും പ്രാഥമികവുമായ ആവശ്യങ്ങൾ നടത്തിക്കൊടുക്കുവാൻ സന്നദ്ധ സംഘടനകൾ ധാരാളമുണ്ട്. മനുഷ്യരുടെ ജീവിത നിലവാരം ഉയർത്തുവാൻ ലക്ഷ്യമിടുന്നതാണ് എല്ലാ ഭൗതിക പുരോഗമന മാർഗ്ഗവും. ലോകപ്രകാരം ജനങ്ങൾ കൈവരിക്കുന്ന നേട്ടങ്ങളുടെ ഭാഗമാണിത്. പ്രകൃതിയെ, ഭൂമിയെ, ഭൗമിക വസ്തുക്കളെയെല്ലാം വികസനത്തിന്റെയും പുരോഗതിയുടെയും പേരിൽ ദുരുപയോഗം ചെയ്യുന്നു. അതിന്റെ ഫലമായി കാലാവസ്ഥയ്ക്ക് പോലും മാറ്റം ഉണ്ടാകുന്നുണ്ട്.

മനുഷ്യരുടെ ജീവിതം ഭൗതിക സൗകര്യങ്ങളെ മാത്രം ആസ്പദമാക്കി നയിക്കേണ്ടതാണെന്ന ധാരണ പലരിലും ഉണ്ട്. അതുകൊണ്ട് അവർ ഇത്തരം കാര്യങ്ങൾക്കു മാത്രം ഊന്നൽ കൊടുക്കുന്നു. തൽഫലമായി അവർ മറ്റൊരു വശം കാണാതെ പോകുന്നു. പുറമെ എന്തെല്ലാം

മാറ്റങ്ങൾ വരുത്തിയാലും ഏതെല്ലാം രീതിയിൽ ഉയർന്നാലും മനുഷ്യന്റെ അന്തർഭാഗം ഉയരുന്നില്ലെങ്കിൽ സാമൂഹ്യവിരുദ്ധർ വർദ്ധിക്കും. മാധ്യമങ്ങൾക്ക് ധാരാളം വാർത്തയും കിട്ടും. രാഷ്ട്രീയക്കാർക്ക് മുതലെടുപ്പും നടത്താം. അവരുടെ വ്യവസായ വളർച്ചയ്ക്ക് ഇത് കാരണമായി തീരുന്നു. സമൂഹം ഇന്നു നേരിട്ടുകൊണ്ടിരിക്കുന്നത് ദാരിദ്ര്യമല്ല, മറിച്ച് സൽസ്വഭാവരാഹിത്യമാണ്. ഇതാണ് സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. മതങ്ങളുടെയോ മതസംഘടനകളുടെയോ കുറ്റമല്ല ഇതിന് കാരണം. അടിസ്ഥാനപരമായി മതങ്ങൾ മനുഷ്യരുടെ ഭൗതികാവശ്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്നു. സമൂഹത്തിൽ നീതിബോധം വളർത്തേണ്ടത് മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും കടമയാണ്. മാതിപിതാക്കൾ കുട്ടികളെ സൽസ്വഭാത്തിന് മുൻതൂക്കം കൊടുത്ത് പഠിപ്പിക്കണം. തന്റെ കുട്ടിക്ക് മറ്റു കുട്ടികളെക്കാൾ മാർക്കു കുറഞ്ഞാലും സത്യസന്ധതയ്ക്കും അനുസരണത്തിനും അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയണം. എന്തു ചെയ്താലും കുറേ പണം ഉണ്ടാക്കണം എന്ന ചിന്ത അവരിൽ വളരുവാൻ പാടില്ല. ഇന്നത്തെ വിദ്യാഭ്യാസത്തിന് തന്നെ മാറ്റം അനിവാര്യമാണ്.

വസ്തുക്കൾ ക്രയവിക്രയം നടത്തുന്നത് പോലെ സ്ത്രീകളെയും പുരുഷന്മാരെയും വിൽക്കുന്ന സ്ഥിതിയിലേക്ക് മാറിയിരിക്കുന്നു. കൊച്ചുകുട്ടികളെ ദാരിദ്ര്യം മൂലം വിൽക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ നടക്കുന്നുണ്ട്. എന്നാൽ യുവത്വത്തെ വിൽക്കുന്നത് എത്ര വേദനാജനകമാണ്. ഈ വികസനം കൊണ്ട് ഇത് മാറ്റാൻ കഴിയും.

✶

# "ഇതു നിങ്ങളുടെ നന്മയ്ക്ക്"

**ക്ലെം തർമാൻ**

ഞാൻ എല്ലായ്പ്പോഴും വെറുത്തിരുന്ന ഒന്നായിരുന്നു ആവണക്കെണ്ണ. എന്നാൽ ഞാൻ കുട്ടിയായിരുന്നപ്പോൾ ഏതാണ്ട് എല്ലാ രോഗങ്ങൾക്കും പ്രതിവിധിയായി സ്വീകരിച്ചിരുന്ന എണ്ണ ഇതായിരുന്നു. ഞാൻ രോഗമുണ്ടെന്ന് സമ്മതിക്കാൻ മടിച്ചിരുന്ന കാരണം അതായിരുന്നു. ആവണക്കെണ്ണ കഴിക്കാൻ എനിക്ക് ഇഷ്ടമല്ല. പക്ഷേ ഞാൻ രോഗിയായിത്തീർന്നപ്പോൾ പപ്പയും മമ്മിയും അത് കഴിച്ചാലേ രോഗം മാറൂ എന്ന് എന്നെ മനസ്സിലാക്കാൻ പരമാവധി ശ്രമിച്ചിരുന്നു. അവർ എല്ലായ്പ്പോഴും പറയാറുള്ളത് ''ഇത് നിന്റെ നന്മയ്ക്കാണ് എന്നത്രേ''. എന്റെ നന്മയ്ക്കാണെങ്കിൽ അതെനിക്ക് വേണ്ട എന്ന അഭിപ്രായമാണ് എനിക്കുണ്ടായിരുന്നത്. രോഗം മാറണമെങ്കിൽ ആവണക്കെണ്ണ കഴിക്കണം എന്നെനിക്കറിയാമായിരുന്നെങ്കിലും ഞാൻ അത് കഴിച്ചില്ല.

ലോകത്തിൽ അധികം ആളുകളും അവരുടെ ജീവിതത്തിൽ ദൈവ വചനം സ്വീകരിച്ചിട്ടില്ല. നമ്മിൽ പലരും നമ്മുടേതായ ജീവിത ക്രമം ഉണ്ടാക്കി എടുക്കുകയാണ്. പക്ഷേ, ദൈവം നയിക്കുന്നതു പോലെ നാം ജീവിക്കണമെന്നാണ് അവന്റെ ആഗ്രഹം. വാസ്തവത്തിൽ ഇതാണ് നമ്മുടെ പ്രസ്താവ്യ ലക്ഷ്യം. ''എല്ലാറ്റിന്റെയും സാരം കേൾക്കുക. ദൈവത്തെ ഭയപ്പെട്ട് അവന്റെ കൽപനകളെ പ്രമാണിച്ചു കൊൾക. ഇതാകുന്നു സകല മനുഷ്യർക്കും വേണ്ടുന്നത്'' (സഭാപ്രസംഗി 12:13). നാം എന്തു ചെയ്യണമെന്ന് നമ്മെ ഉപദേശിക്കുന്നതോ നാം തെറ്റു ചെയ്യുമ്പോൾ അത് തെറ്റാണെന്ന് പറയുന്നതോ നമുക്ക് ഇഷ്ടമല്ല. നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരെ നാം എതിർക്കുക തന്നെ ചെയ്യും. ''എന്നാൽ ആത്മീയമായി വചനത്താലുള്ള തിരുത്തൽ നമ്മുടെ രക്ഷയ്ക്ക് വേണ്ടിയുള്ളതാകുന്നു. നാം പാപം ചെയ്തു ആത്മീയ രോഗികൾ ആകുമ്പോൾ, നമുക്ക് ആവശ്യമായ പ്രതിവിധിക്ക് ദൈവത്തിങ്കലേക്ക് നോക്കണം. നമ്മുടെ നന്മയ്ക്കായിട്ടാണ് അത് ഒരുക്കിയിരിക്കുന്നത്''.

തന്റെ വചനത്തിൽ ദൈവം മുന്നറിയിപ്പുകൾ നൽകിയിട്ടുള്ളത് നമ്മുടെ നന്മയ്ക്കാണ്. അവൻ നമ്മെ നോക്കിയിരിക്കുന്നു. ''എന്നാൽ

മുന്നെഴുതിയിരിക്കന്നത് ഒക്കെയും നമ്മുടെ ബുദ്ധി ഉപദേശത്തിനായിട്ടും നമുക്ക് തിരുവെഴുത്തുകളാൽ ഉണ്ടാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശ ഉണ്ടാകേണ്ടതിനു തന്നെ എഴുതിയിരിക്കുന്നു'' (റോമർ 15:4). മറ്റെന്തിൽ നിന്നാണ് നമുക്ക് പ്രത്യാശ ലഭിക്കുന്നത്? നിങ്ങൾ ബൈബിൾ വായിക്കുമ്പോൾ ഇത് ഓർമ്മിക്കുക: ''ഇത് ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്കോ ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നു'' (1 കൊരിന്ത്യർ 10:11). ദൈവ വചനം അറിയിക്കുമ്പോൾ അത് നമ്മുടെ നന്മയ്ക്കാണെന്ന് ഓർക്കുക. നിങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റം വരുത്തുവാൻ ആവശ്യപ്പെടുന്നു എന്ന കാരണത്താൽ തിരുവെഴുത്തുകളെ നിരാകരിക്കരുത്.

## ദൈവസത്യം എല്ലായ്പ്പോഴും നമ്മുടെ നന്മയ്ക്കാണ്

മൃദുവും മധുരവുമായ വാക്കുകളും പകുതി സത്യങ്ങളും പ്രചരിപ്പിക്കുന്നതിനാൽ ആകർഷിക്കപ്പെടുകയാണ് അനവധി പേരും. ദൈവ വചനം അവരിൽ ചെലുത്തുന്ന ശക്തി അവർക്ക് ഇടർച്ചയായി തീരുന്നു. ഒരു വിഷയത്തെ സംബന്ധിച്ച ദൈവത്തിന്റെ ആലോചനകൾ മുഴുവൻ സ്വീകരിക്കുന്നതിനെക്കാൾ ഒരു ഭാഗം മാത്രം സ്വീകരിക്കുന്നതാണ് അവർക്ക് എളുപ്പം. സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ്. പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രരാകും (യോഹന്നാൻ 8:32,36). ഈ അനുഗ്രഹങ്ങൾ വെച്ചിരിക്കുന്നത് ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിക്കുന്നവർക്കാണ്. അത് യേശു അപ്പോസ്തോലന്മാർ മുഖേന നൽകിയിരിക്കുന്നതാണ്. അങ്ങനെ മനുഷ്യൻ പാപത്തിൽ നിന്നു സ്വതന്ത്രരായി നീതിക്ക് ദാസന്മാരായി തീരുന്നു (റോമർ 6:17-18). എന്നാൽ യേശു പറഞ്ഞതു പോലെ നാം സ്വതന്ത്രരാകണമെങ്കിൽ നമ്മോട് ദൈവം പറഞ്ഞിരിക്കുന്നത് മുഴുവൻ നാം ഏറ്റെടുക്കണം. അതിന്റെ അർത്ഥം നാം വെറുതെ അത് വിശ്വസിച്ചാൽ പോരാ. നാം അങ്ങനെ ജീവിക്കണം. ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കുള്ള ആളോട് ഒക്കുന്നു. എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തു കൊണ്ട് തങ്ങളെത്തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ (യാക്കോബ് 1:22-23).

ദൈവം ഇസ്രായേലിനെ മിസ്രയീം അടിമത്വത്തിൽ നിന്നും വിടു

വിച്ചു. ചെങ്കടലിൽ കൂടെ നടത്തി. മരുഭൂമിയിൽ കൂടെയും നയിച്ചു. അവൻ അവരെ നടത്തി, പോറ്റി പുലർത്തി കാത്തു സംരക്ഷിച്ചു. അവർ ജീവിക്കേണ്ടതിന് അവൻ അവർക്കായി ഒരു ന്യായപ്രമാണവും നൽകി. ആ നിയമത്തെ കുറിച്ച് അവരുടെ അദ്ധ്യക്ഷനായിരുന്ന മോശെ പറഞ്ഞിരിക്കുന്നത്: "എല്ലായ്പ്പോഴും നമുക്ക് നന്നായിരിക്കേണ്ടതിനും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീവനോടെ രക്ഷിക്കേണ്ടതിനുമായി നാം നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടാനും ഈ എല്ലാ ചട്ടങ്ങളെയും ആചരിപ്പാനും യഹോവ നമ്മോട് കൽപിച്ചു" (ആവർത്തനപുസ്തകം 6:24).

★

# നിങ്ങൾ ഇതു കേട്ടോ?

**പിയേഴ്സ് ബ്രൗൺ**

മറ്റുള്ള പാപങ്ങളെപ്പോലെ തന്നെ പരദൂഷണം അഥവാ കഥ പറഞ്ഞു നടക്കൽ, സഭയിൽ ഇന്ന് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആരംഭത്തിൽ തന്നെ ഇത് വിലിക്കിയിരുന്നതായി ബൈബിളിൽ കാണാം. "നിന്റെ ജനത്തിന്റെ ഇടയിൽ ഏഷണി പറഞ്ഞു നടക്കരുത്. ഞാൻ യഹോവയാകുന്നു" (ലേവ്യാപുസ്തകം 19:16). ഈ പൊതുവായ വിഷയത്തെ കുറിച്ച് വ്യത്യസ്തമായ അർത്ഥം നിലവിലുണ്ട്. അത് ചിലപ്പോൾ സത്യമായിരിക്കാം. ഒരു വ്യക്തിയുടെ സ്വഭാവത്തെ ബാധിക്കുന്ന രീതിയിൽ ഭാഗികമായി വാസ്തവവും ഭാഗികമായി  അവസ്താവവുമായ പ്രസ്താവനയെ ഏഷണി എന്നു നിർവ്വചിക്കാം. സത്യമല്ലെങ്കിൽ അത് വിവാദമായി തീരും. വെറും പരദൂഷണം മനഃപൂർവ്വം കെട്ടിച്ചമച്ച ഏഷണിയും തമ്മിൽ വ്യത്യാസമുണ്ട്. എന്നാൽ ഇവ രണ്ടും ദോഷഫലമുണ്ടാക്കും. അതുകൊണ്ട് രണ്ടും പാപമാണ്. മലിനകരമായ പരദൂഷണത്തിൽ ഏർപ്പെടുന്നവർ മറ്റൊരാളുടെ പ്രസിദ്ധിയെ വ്രണപ്പെടുത്തുന്ന തോന്നൽ ഉണ്ടാക്കുകയാണ്. മോശമായ കാര്യങ്ങൾ കേൾക്കുവാനും പ്രചരിപ്പാനും ആഗ്രഹിക്കുന്നവരാണ് സാധാരണ ഏഷണിക്കാർ. ആരെയും പ്രത്യേകമായി ഉപദ്രവിക്കുന്ന രീതി പ്രകടമാകുകയില്ല.

ബൈബിളിൽ പല ഭാഗത്തും പ്രതിപാദിക്കുകയും വിലക്കുകയും ചെയ്തിരിക്കുന്ന ഈ വാക്കിനെ ഉപയോഗിച്ചിരിക്കുന്ന എബ്രായ പദവും

ഗ്രീക്ക് പദവും പരിശോധിച്ചാൽ കുറേക്കൂടെ വ്യക്തത ലഭിക്കും. ''രാകിയിൽ'' എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത്: അപവാദം; മനഃപൂർവ്വം ദുരാരോപണം ഉന്നയിക്കുക എന്നാണ്. ലേവ്യാ പുസ്തകം 19-ാം അദ്ധ്യായത്തിൽ ദൈവം ആദ്യം അതിനെ വിലക്കിയിരുന്നു. ''ദിബാ'' എന്ന പ്രയോഗം തർജ്ജിമ ചെയ്തിരിക്കുന്നത് കുപ്രസിദ്ധി വരുത്തുക, മോശമായി സംസാരിക്കുക, പിറു പിറുത്ത് ദുർവ്വർത്തമാനം പറയുക എന്നതാണ്. ''ബ്ലാസ്ഫെമിയോ'' എന്ന പ്രയോഗത്തിന്റെ അർത്ഥം നീചത്വം ഉന്നയിക്കൽ, ദുർവ്വർത്തമാനം പറയൽ എന്നിവയാണ്. ''പെരിയർ ശാസനോയി'' എന്നതിന്റെ ആക്ഷരികമായ അർത്ഥം അന്യന്റെ കാര്യത്തിൽ അനാവശ്യമായി ഇടപെടുക എന്നതാണ്. ''ഫ്ളുവറോസ്'' എന്ന പ്രയോഗത്തിന്റെ അർത്ഥം വായാടിത്തം എന്നാണ്. പൗലോസ് ഇവയെക്കുറിച്ചൊക്കെ പറയുന്നത്; ''ഇത്രയുമല്ല. അവർ വീടു തോറും നടന്നു മിനക്കെടുവാനും ശീലിക്കും; മിനക്കെടുക മാത്രമല്ല, വായാടികളും പരകാര്യത്തിൽ ഇടപെടുന്നവരുമായി അരുതാത്തത് സംസാരിക്കും'' (1 തിമൊഥെയോസ് 5:13). ദൂഷണം എന്ന വാക്കു കൊണ്ട് ഉദ്ദേശിക്കുന്നത് ആ വ്യക്തി മറ്റൊരാളുടെ മേൽ ചെലുത്തുന്ന ആരോപണമാണ്.

ദൂഷണത്തെ സംബന്ധിച്ച് അപ്പോസ്തോലനായ പൗലോസ് റോമർക്ക് എഴുതുന്നത് ''നല്ലത് വരേണ്ടതിന് നീയത് ചെയ്യുക എന്ന് പറയരുതോ? ഞങ്ങൾ അങ്ങനെ പറയുന്നു എന്നു ചിലർ ഞങ്ങളെ ദുഷിച്ചു പറയുന്നുവല്ലോ. ഇവർക്ക് വരുന്ന ശിക്ഷാവിധി നീതിയുള്ളത് തന്നെ'' (റോമർ 3:8). ഒരാൾ മറ്റൊരാൾക്ക് എതിരെ ചെയ്യുന്ന ഈ ദുഷ്പ്രവൃത്തിക്ക് ദൈവം നീതി പൂർവ്വമായ വിധിയാണ് നടത്തുന്നത്. ''എന്നാൽ മനുഷ്യർ പറയുന്ന ഏതു നിസാര വാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും'' (മത്തായി 12:36).

നമ്മുടെ ഹൃദയം നിറഞ്ഞ് കവിയുന്നതാണ് നാം സംസാരിക്കുന്നത്. ഈ വിഷയത്തെ നമുക്ക് മൂന്ന് തലക്കെട്ടുകളായി തരം തിരിക്കാം. കാരണങ്ങൾ, ശാപങ്ങൾ, ശമനം എന്നിവയാണവ. വാസ്തവത്തിൽ അനേക കാരണങ്ങൾ ഇതിനു കാണാം അവയിൽ ഏതാനും ചിലത് നമുക്ക് പരിഗണിക്കാം. ധാരാളം ശാപങ്ങൾ അതുകൊണ്ടുണ്ടാകുന്നുണ്ട്. അവയിൽ ചിലതു മാത്രമേ നാം ഇവിടെ എടുക്കുന്നുള്ളൂ. ഒന്നിലധികം ശമന രീതികളും ഉണ്ടാകാം. എന്നാൽ ഫലപ്രദമായ ഒരു ശമനത്തെയാണ് ഇവിടെ പ്രതിപാദിക്കുന്നത്.

## പരദൂഷണത്തിന്റെ കാരണങ്ങൾ

എന്തൊക്കെയാണ് പരദൂഷണത്തിന്റെ കാരണങ്ങൾ? ഒരാൾ ഏഷണി പറയുന്നുവെങ്കിൽ അയാൾക്ക് ഒരു ദുഷ്ടഹൃദയം ഉണ്ടാകും. അതിൽ നിന്നാണ് മോശമായ സംസാരം പുറത്തു വരുന്നത്. ലൂക്കോസ് 6:45-ൽ കർത്താവ് പറഞ്ഞത്: ''നല്ല മനുഷ്യൻ തന്റെ നല്ല നിക്ഷേപത്തിൽ നിന്ന് നല്ലതു പുറപ്പെടുവിക്കുന്നു; ദുഷ്ട മനുഷ്യൻ ദോഷമായതിൽ നിന്ന് ദോഷം പുറപ്പെടുവിക്കുന്നു. ഹൃദയത്തിൽ നിറഞ്ഞു കവിയുന്നതല്ലോ വായ് പ്രസ്താവിക്കുന്നത്'' (ലൂക്കോസ് 6:46). മറ്റൊരാൾക്ക് ദോഷം സംഭവിക്കണമെന്ന ആഗ്രഹത്താലാണ് അയാൾ ദൂഷണം പറയുന്നത്. അതു ആരെ കുറിച്ച് പറയുന്നുവോ അയാളുടെ സൽപേരിന് കളങ്കം വരുത്തുകയാണ് ചെയ്യുന്നത്. ദുഷ്ടരായ മനുഷ്യർ ഇതുപോലെയുള്ള കാര്യങ്ങളിൽ മുഴുകി ജീവിക്കുകയാണ്. സൽപ്രവൃത്തികൾ ചെയ്യുവാനോ നല്ലത് കാണുവാനോ അവർക്ക് കഴിയുന്നില്ല എന്നു സാരം.

സങ്കീർത്തനങ്ങളിൽ ചോദിക്കുന്നത്: ''വീരാ നീ ദുഷ്ടതയിൽ പ്രശംസിക്കുന്നതെന്ത്? ദൈവത്തിന്റെ ദയ നിരന്തരമാകുന്നു. ചതിവ് ചെയ്യുന്നവനെ മൂർച്ചയുള്ള ക്ഷൗരക്കത്തി പോലെ നിന്റെ നാവ് ദുഷ്ടത വകഞ്ഞുണ്ടാക്കുന്നു. നീ നന്മയെക്കാൾ തിന്മയെയും നീതിയെ സംസാരിക്കുന്നതിനെക്കാൾ വ്യാജത്തെയും ഇഷ്ടപ്പെടുന്നു. നീ വഞ്ചനനാവും നാശകരമായ വാക്കുകളെയും ഇഷ്ടപ്പെടുന്നു. ദൈവം നിന്നെയും എന്നേക്കും നശിപ്പിക്കും; നിന്റെ കൂടാരത്തിൽ നിന്നു അവർ നിന്നെ പറിച്ചു കളയും, ജീവനുള്ളവരുടെ ദേശത്തു നിന്നും നിന്നെ നിർമ്മൂലമാക്കും'' (സങ്കീർത്തനങ്ങൾ 52:1-4).

ചിലപ്പോൾ അസൂയയോ വെറുപ്പോ കൊണ്ട് ഇതുണ്ടാകുന്നുണ്ട്. ദാവീദ് പറയുന്നത്: ''അവർ ദോഷ വാക്കുകൾ കൊണ്ട് എന്നെ വളഞ്ഞു. കാരണം കൂടാതെ എന്നോട് പൊരുതിയിരിക്കുന്നു'' (സങ്കീർത്തനം 109:3). സ്നേഹിക്കുന്നവരോട് തങ്ങളുടെ സ്വാർത്ഥത മൂലം വൈരം തീർക്കുന്നത് ഏഷണിയിലൂടെയാണ്. ചിലപ്പോൾ അയാൾക്ക് ഒരു ജോലിയും കാണുകയില്ല. അവർ ഈ തൊഴിലാണ് പകരം സ്വീകരിക്കുന്നത്. വീട്ടിലെ ജോലികൾ പോലും ചെയ്യാത്ത മടിയന്മാരായവരുടെ പണിയാണ് ഏഷണി. ഒന്നും ചെയ്യാനില്ലാത്ത ചിലർ മോഷണം തൊഴിലാക്കും. മറ്റു ചിലർ മറ്റുള്ളവരുടെ കാര്യങ്ങളിൽ ആവശ്യമില്ലാതെ തലയിടും. അവർ

ഈ ദുശീലങ്ങൾ പ്രായോഗികമാക്കുമ്പോൾ അതിന്റെ ഫലത്തെക്കുറിച്ച് ചിന്തിക്കുന്നില്ല.

**ഏഷണിയുടെ ശാപങ്ങൾ**

ഇത്തരം പ്രവൃത്തിയുടെ ശാപം അല്ലെങ്കിൽ അനന്തരഫലം എന്താണ്? ശലോമോൻ ഇങ്ങനെ ചെയ്യുന്നതിന്റെ ഫലത്തെക്കുറിച്ച് പറയുന്നുണ്ട്. ''പക മറച്ചു വെക്കുന്നവൻ പൊളിവായൻ; ഏഷണി പറയുന്നവൻ ഭോഷൻ. വാക്കു പെരുകിയാൽ ലംഘനം ഉണ്ടാകാതിരിക്കുകയില്ല. അധരങ്ങളെ അടക്കുന്നവനോ ബുദ്ധിമാൻ'' (സദൃശ്യവാക്യങ്ങൾ 10:18-19). ''വക്രത യുള്ള മനുഷ്യൻ വഴക്കുണ്ടാക്കുന്നു; ഏഷണിക്കാരൻ മിത്രങ്ങളെ ഭേദി പ്പിക്കുന്നു'' (സദൃശ്യവാക്യങ്ങൾ 10:28). മറ്റൊരാളെക്കുറിച്ച് കേൾക്കുന്ന അസത്യ പ്രസ്താവനകൾ ആരെങ്കിലും കേട്ടു വിശ്വസിച്ചാൽ മിത്രമാ ണെങ്കിൽ അയാൾ തീർച്ചയായും അകന്നുപോകും.

വാക്കുകൾ കത്തി പോലെ മുറിപ്പെടുത്തുന്നതാണ്. ''ഏഷണി ക്കാരന്റെ വാക്കു സ്വാദുഭോജനം പോലെയിരിക്കുന്നു. അത് വയറിന്റെ അറകളിലേക്ക് ചെല്ലുന്നു'' (സദൃശ്യവാക്യങ്ങൾ 18:8). ''വിറക് ഇല്ലാഞ്ഞാൽ തീ കെട്ടുപോകും; നുണയൻ ഇല്ലാഞ്ഞാൽ വഴക്കും ഇല്ലാതാകും'' (സദൃ ശ്യവാക്യങ്ങൾ 26:20). ദൈവം വെറുക്കുന്ന ഒന്നാണ് വഴക്ക്. ഏഷണി സഹോദരങ്ങൾക്കിടയിലും മിത്രങ്ങൾക്കിടയിലും വഴക്കുണ്ടാക്കും (സ ദൃശ്യാവാക്യങ്ങൾ 6:19). സഭയിൽ ഭിന്നിപ്പുണ്ടാക്കും ; കുടുംബത്തിൽ ഭിന്നിപ്പുണ്ടാക്കും ; രാജ്യത്തിൽ ഭിന്നിപ്പുണ്ടാക്കും. എന്തിനേറെ പറയു ന്നു, ഇതു മൂലം കൊലപാതകം വരെ ഉണ്ടായിട്ടുണ്ട്. ഇത്തരം നാശകര മായ ദൂഷണത്തിൽ ഏർപ്പെടുന്നവർക്ക് നിത്യനാശമാണ് ദൈവം വെച്ചി രിക്കുന്നത്.

പഴയ നിയമത്തിൽ ദൈവം കൽപിച്ചിരിക്കുന്നത്: ''ന്യായാധിപന്മാർ നല്ലവണ്ണം വിസ്താരം കഴിക്കണം: സാക്ഷി കള്ള സാക്ഷി എന്നും സഹോ ദരന്റെ നേരെ കള്ളസാക്ഷ്യം പറഞ്ഞു എന്നു കണ്ടാൽ അവൻ സഹോ ദരന് വരുത്തുവാൻ നിരൂപിച്ചതു പോലെ നിങ്ങൾ അവനോട് ചെയ്യണം. ഇങ്ങനെ നിങ്ങളുടെ ഇടയിൽ നിന്ന് ദോഷം നീക്കികളയണം'' (ആവർ ത്തന പുസ്തകം 19:18-19). ''ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിന് തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തത് ചെയ്യു

വാൻ നികൃഷ്ടബുദ്ധിക്ക് ഏൽപിച്ചു. അവർ സകല അനീതിയും ദുഷ്ട തയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ, അസൂയ, കൊല, പിണക്കം, കപടം, ദുശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണി ക്കാർ, ദൈവ ദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസ ക്കാർ, പുതു ദോഷം സങ്കൽപിക്കുന്നവർ, മാതാപിതാക്കളെ അനുസരി ക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനി വറ്റവർ. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവ ന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്കുക മാത്രമല്ല പ്രവർത്തി ക്കുന്നതിൽ പ്രശംസിക്കുകയും ചെയ്യുന്നു'' (റോമർ 1:26–38).

**ശമനം**

ശമനം വരുത്തുവാൻ എന്തു ചെയ്യണം? ഈ പാപത്താലും മറ്റു പാപ ങ്ങൾക്കെന്ന പോലെ ശമനം ഉണ്ട്. ദൈവത്തോട് അടുത്താൽ ദൈവ നിബന്ധനയനുസരിച്ച് അവൻ അത് ക്ഷമിക്കും (യെശയ്യാവ് 1:18–19). മാനസാന്തരപ്പെടണം. തെറ്റു തിരുത്തി ജീവിക്കാൻ തയ്യാറായാൽ ദൈവം അത് കണക്കിലെടുക്കും. വചനം കേൾക്കുകയും അതനുസരിച്ച് പ്രവർത്തി ക്കുകയും ചെയ്യണം (യാക്കോബ് 1:24). ശക്തിയുള്ള വചനത്തിന് നമ്മെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഹൃദയ മാലിന്യങ്ങളെ മാറ്റിക്കളഞ്ഞ് വചനത്തെ ഹൃദയത്തിൽ നിക്ഷേപിക്കുക. അത് മാത്രമാണ് പ്രതിവിധി. നിങ്ങൾക്കും എനിക്കും ഇതല്ലാതെ മറ്റൊരു ചികിത്സ ഇതിനില്ല.

★

# മൂപ്പന്മാരും ശുശ്രൂഷകന്മാരും

**W.A. ഹോളെ**

നന്മ നേടിയെടുക്കുവാൻ കൂട്ടമായി പ്രവർത്തിക്കാൻ എല്ലാ കൂട്ടം ജന ങ്ങൾക്കും അദ്ധ്യക്ഷന്മാർ ഉണ്ടായിരിക്കണം. ഒരു സ്കൂളിന് പ്രിൻസിപ്പലോ ഹെഡ്മാസ്റ്ററോ ഇല്ലെങ്കിൽ, ഒരു രാജ്യത്തിന് പ്രസി ഡന്റ് ഇല്ലെങ്കിൽ, ഒരു സൈന്യത്തിന് കമാൻഡർ ഇല്ലെങ്കിൽ, പ്രാദേ ശിക സഭയ്ക്ക് നേതൃത്വമില്ലെങ്കിൽ വിലപ്പെട്ട ഒരു നേട്ടവും കൈവരി ക്കാൻ സാദ്ധ്യമല്ല.

പുതിയ നിയമം വളരെ വ്യക്തമായി മൂപ്പന്മാരുടെയും ശുശ്രൂഷകന്മാരുടെയും യോഗ്യതകൾ നൽകിയിട്ടുണ്ട്. നമ്മുടെ വായനക്കാർ ദയവായി സമയം എടുത്ത് 1 തിമൊഥെയോസ് 3:1–13 ; തീത്തോസ് 1:5–11 ; 1 പത്രോസ് 5:1–4 എന്നീ വേദ വാക്യങ്ങൾ വായിക്കുവാൻ സമയം കണ്ടെത്തുക. നല്ല വിവരണം നൽകുമോ എന്ന് വായിച്ചറിയുക.

അപ്പോസ്തോലിക സഭയിൽ ഒന്നിലധികം അദ്ധ്യക്ഷന്മാരും ശുശ്രൂഷകന്മാരും ഉണ്ടായിരുന്നു. ''ക്രിസ്തുയേശുവിന്റെ ദാസന്മാരായ പൗലോസും തിമൊഥെയോസും ഫിലിപ്പയിൽ ക്രിസ്തു യേശുവിലുള്ള സകല വിശുദ്ധന്മാർക്കും അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും കൂടെ എഴുതുന്നത്'' (ഫിലിപ്പിയർ 1:1). പുതിയ നിയമത്തിൽ ഒരേ പ്രവൃത്തിക്ക് ഉപയോഗിച്ചിരിക്കുന്ന വ്യത്യസ്ത പേരുകളാണ് ''മൂപ്പന്മാർ'', ''അദ്ധ്യക്ഷന്മാർ'', ''ഇടയന്മാർ'' എന്നിവ (പ്രവൃത്തി 20:17,28 ; 1 തിമൊഥെയോസ് 4:14 ; എഫെസ്യർ 4:11). കത്തോലിക്കാ സഭയോ പ്രൊട്ടസ്റ്റന്റ് വിഭാഗങ്ങളോ പുതിയ നിയമ മാതൃക പിൻ പറ്റുന്നില്ല. അവർക്ക് ഒന്നിലധികം പള്ളികൾ ചേർന്ന ഡയോസിസിന് ഒരു ബിഷപ്പ് എന്ന രീതിയാണുള്ളത്. എന്നാൽ ക്രിസ്തുവിന്റെ സഭ പുതിയ നിയമ ക്രമമാണ് പിൻപറ്റുന്നത്.

ഇനി നമുക്ക് മൂപ്പന്മാർക്കും അദ്ധ്യക്ഷന്മാർക്കും ബൈബിളിൽ പറയുന്ന യോഗ്യതകൾ എന്തൊക്കെയാണെന്ന് നോക്കാം.

1. എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി 2. ഏക ഭാര്യയുടെ ഭർത്താവും 3. നിർമ്മദനും 4. ജിതേന്ദ്രിയനും 5. സുശീലനും 6. അതിഥിപ്രിയനും 7. ഉപദേശിപ്പാൻ സമർത്ഥനും 8. മൂപ്പന്മാരും ശുശ്രൂഷകന്മാരും മദ്യപ്രിയരാകരുത് (1 തിമൊഥെയോസ് 3:3) 9. സഭാ നേതൃത്വത്തിലിരിക്കുന്നവർ തല്ലുകാരാകരുത് (തിമൊഥെയോസ് 3:3) 10. മൂപ്പന്മാരിൽ നിന്നും ശുശ്രൂഷകന്മാരിൽ നിന്നും കർത്താവ് ആവശ്യപ്പെടുന്ന മറ്റൊന്ന് ശാന്തരായിരിക്കണം എന്നാണ്. 11. കലഹിക്കാത്തവരാകണം 12. ദ്രവ്യാഗ്രഹം ഇല്ലാത്തവരായിരിക്കണം. പണമോഹിയാകരുത് എന്നർത്ഥം 13. സ്വന്ത കുടുംബത്തെ നന്നായി ഭരിക്കുന്നവരാകണം അവർ. 14. മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നവരും ആകണം. നിഗളിച്ചിട്ട് പിശാചിന് വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യന് അരുത്.

വിശ്വസ്തതയോടെ ദൈവ വചനത്താൽ നയിക്കപ്പെടുന്ന സേവനമാണ് അവർ നടത്തേണ്ടത്. സത്യത്തിന് വിട്ടുവീഴ്ച ചെയ്യാത്തവരായിരിക്കണം മൂപ്പന്മാരും ശുശ്രൂഷകന്മാരും. ആത്മാക്കളെ കരുതലോടെ സൂക്ഷിക്കേണ്ടവരാണ് അവർ. ''നിങ്ങളെ നടത്തുന്നവരെ അനുസരിച്ച് കീഴടങ്ങിയിരിപ്പിൻ. അവർ കണക്ക് ബോധിപ്പിക്കേണ്ടുന്നവരാകുകയാൽ നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ജാഗരിച്ചിരിക്കുന്നു; ഇത് അവർ ഞരങ്ങിക്കൊണ്ടല്ല, സന്തോഷത്തോടെ ചെയ്യുവാൻ ഈ വരുത്തുവിൻ; അല്ലാഞ്ഞാൽ നിങ്ങൾക്ക് നന്നല്ല'' (എബ്രായർ 13:17).

അങ്ങനെ മൂപ്പന്മാർ സഭയെ നടത്തുന്നവരാണ്. എല്ലാവരും ചെയ്യേണ്ടതായ കാര്യ പരിപാടികൾ തയ്യാറാക്കേണ്ട ഉത്തരവാദിത്വം അവർക്കാണ്. മിലെത്തോസിൽ നിന്ന് അവൻ എഫസോസിലേക്ക് ആളയച്ച് സഭയിലെ മൂപ്പന്മാരെ വരുത്തി. നിങ്ങളെത്തന്നെയും താൻ സ്വന്ത രക്തത്താൽ സമ്പാദിച്ചിരിക്കുന്ന ദൈവത്തിന്റെ സഭയെ മേയ്പ്പാൻ പരിശുദ്ധാത്മാവ് നിങ്ങളെ അദ്ധ്യക്ഷന്മാരാക്കി വെച്ച ആട്ടിൻകൂട്ടം മുഴുവനെയും സൂക്ഷിച്ചു കൊൾവീൻ (പ്രവൃത്തി 20:17,28) എന്നു പറഞ്ഞു.

സഭയുടെ ആത്മീയമായ വളർച്ച ലക്ഷ്യമാക്കി ക്ഷേമത്തിൽ പരിപാലിക്കേണ്ട കടമയാണ് മൂപ്പന്മാർക്കുള്ളത്. ശുശ്രൂഷകന്മാർ താൽകാലികമായ ശുശ്രൂഷ ചെയ്യുമ്പോൾ അത് ബുദ്ധിയോടെ ചെയ്യുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കേണ്ടതു മൂപ്പന്മാരാണ്. സഭയുടെ പണം ദൈവകമായി കൈകാര്യം ചെയ്യുവാൻ അവർക്ക് ദൈവത്താൽ അധികാരം ലഭിച്ചിരിക്കുന്നു. യെഹൂദ്യയിലെ സഹോദരന്മാർക്ക് മുട്ടുണ്ടായപ്പോൾ അവരുടെ ഉതവിക്കായി ശിഷ്യന്മാൽ ശൗലിന്റെയും ബർന്നബാസിന്റെയും കയ്യിൽ സഹായം എത്തിച്ചു കൊടുത്തു. സഭയുടെ ദൈന്തിന വ്യാപാരങ്ങൾ വചനാടിസ്ഥാനത്തിൽ വേണം നടത്തുവാൻ. അദ്ധ്യക്ഷന്മാരുടെ ചുമതലയാണ് അംഗങ്ങളെ ദുരുപദേഷ്ടാക്കളിൽ നിന്നും സൂക്ഷിക്കുക എന്നത്. ലോകത്തിൽ ധാരാളം ദുരുപദേശങ്ങൾ പ്രചരിച്ചിട്ടുണ്ട്.

★

# യേശു നമ്മുടെ മഹാപുരോഹിതൻ

**തോമസ്. ഡി**

പഴയ നിയമത്തിൽ, ന്യായപ്രമാണ കാലഘട്ടത്തിൽ പൗരോഹിത്യ ശുശ്രൂഷ നിലനിന്നിരുന്നു. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ സേവനം ചെയ്യേണ്ടവരായിരുന്നു ഇവർ. അഹരോന്റെ വംശാവലിയിൽ നിന്നു മഹാ പുരോഹിതന്മാരെ തിരഞ്ഞെടുത്തിരുന്നു. മഹാ പുരോഹിതന്മാർക്ക് കീഴിൽ ശുശ്രൂഷ ചെയ്യുന്നവരായിരുന്നു സാധാരണ പുരോഹിതന്മാർ. അവരെല്ലാം ദൈവ കൽപനയ്ക്ക് വിധേയമായിട്ടാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ ഇന്നു നിലവിലുള്ളത് പുതിയ നിയമമാണ്. പുതിയ നിയമത്തിൽ യേശുക്രിസ്തു മഹാ പുരോഹിതനാണ്. ക്രിസ്തുവിന്റെ വചനപ്രകാരം ക്രിസ്ത്യാനികളായിത്തീർന്നവർ പുരോഹിതന്മാരുമാകുന്നു. ‘‘തിരിഞ്ഞപ്പോൾ ഏഴു പൊൻ നിലവിളക്കുകളെയും നിലവിളക്കുകളുടെ നടുവിൽ നിലയങ്കി ധരിച്ചു മാറത്തു പൊൻകച്ച കെട്ടിയവനായി മനുഷ്യപുത്രനോട് സദൃശ്യനായവനെ കണ്ടു’’ (വെളിപ്പാട് 1:13). യോഹന്നാൻ പത്മോസ് ദ്വീപിൽ കിടന്നു കാണുന്ന സ്വർഗ്ഗീയ ദർശനമാണിത്.

നമുക്കും ദൈവത്തിന്റെ കൃപാസനത്തോടു അടുത്തു ചെന്ന് യോഹന്നാൻ കണ്ടതായ സഭയുടെ സന്തോഷവും പൗരോഹിത്യ വസ്ത്രവും ഒന്നു കാണാം. യഹോവയുടെ ആജ്ഞയാൽ മഹാ പുരോഹതനായി ഇന്നും തന്റെ പീഠത്തിൽ അവൻ ഇരിക്കുന്നു. അവൻ എന്നേക്കുമുള്ള പുരോഹിതനാകുന്നു. ‘‘മൽക്കിസേദെക്കിന്റെ ക്രമപ്രകാരം മഹാ പുരോഹിതൻ എന്നുള്ള നാമം ദൈവത്താൽ ലഭിച്ചിരിക്കുന്നു’’ (എബ്രായർ 5:16). കർത്താവ് നമ്മെ വിളിക്കുന്നു. അവൻ നിങ്ങളെയും വിളിക്കുകയാണ്. തന്റെ വചനത്താലാണ് വിളിക്കുന്നത് (2 തെസലോനികൃർ 2:14). ‘‘താൻ മുഖാന്തരം ദൈവത്തോട് അടുക്കുന്നവർക്ക് വേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിച്ചിരിക്കുന്നവനാകയാൽ അവരെ പൂർണ്ണമായി രക്ഷിപ്പാൻ അവൻ പ്രാപ്തനാകുന്നു’’ (എബ്രായർ 7:25). ‘‘എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പാപം ചെയ്യാതിരിപ്പാൻ ഇത് നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ

പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു. നമ്മുടേതിന് മാത്രമല്ല, സർവ്വ ലോകത്തിന്റെ പാപത്തിനും തന്നെ'' (യോഹന്നാൻ 2:1-2).

രക്തം തളിച്ച് ഉടുപ്പു ധരിച്ചിട്ടാണ് യോഹന്നാൻ കാണുന്നത്. ദൈവ സന്നിധിയിൽ കുറ്റമില്ലാത്ത രക്തം യാഗമായി അർപ്പിച്ചതിനെ സൂചിപ്പിക്കുന്നതാണ് അത് (വെളിപ്പാട് 19:13). അവൻ രക്തം തളിച്ച ഉടുപ്പ് ധരിച്ചിരിക്കുന്നത് നിങ്ങൾക്ക് വേണ്ടിയാണ്. പൗരോഹിത്യ വസ്ത്രം ധരിച്ച് നിങ്ങൾക്കു വേണ്ടി പക്ഷപാതം ചെയ്യുമെന്നോർക്കുക. ദൈവ കൃപ ലഭിക്കുവാൻ മനുഷ്യരായ നമ്മിൽ എന്ത് യോഗ്യതയാണുള്ളത്? ഒന്നുമില്ല. നമുക്ക് ദൈവത്തോടടുത്തു ചെന്ന് ഭയഭക്തിയോടു കൂടി അവനെ വീണു നമസ്കരിക്കാമെന്നല്ലാതെ നമുക്കെന്തു ചെയ്യാൻ കഴിയും? യേശുവിനെ കണ്ടിട്ട് യോഹന്നാൻ മരിച്ചവനെപ്പോലെയായി അവന്റെ കാൽക്കൽ വീണു. യേശു തന്റെ വലങ്കൈ അവന്റെ മേൽ വെച്ചു - ഭയപ്പെടേണ്ട എന്നു പറഞ്ഞു (വെളിപ്പാട് 1:17). നമ്മുടെ കർത്താവ് എത്ര വലിയവനാണെന്ന് നാമും ഒരിക്കൽ തിരിച്ചറിയും. അവൻ തീർച്ചയായും മുൻപുണ്ടായിരുന്നവനും ജീവിച്ചിരുന്നവനും അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റവനും എന്നേക്കും ജീവിക്കുന്നവനും ആകുന്നു.

വീണ്ടെടുക്കപ്പെട്ടവർ കർത്താവിനോട് അടുക്കുമ്പോൾ അവന് അനുഭവപ്പെടുന്ന സന്തോഷം നിർവ്വചിക്കാൻ സാദ്ധ്യമല്ല. ഇപ്പോൾ നാം കർത്താവിനെ വിശ്വാസത്താൽ കാണുന്നു. നമ്മുടെ മഹാപുരോഹിതനെക്കുറിച്ച് എബ്രായ ലേഖകൻ വിവരിക്കുന്നുണ്ട്. ''പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോട് വേറുവിട്ടവൻ, സ്വർഗ്ഗത്തെക്കാൾ ഉന്നതനായിത്തീർന്നവൻ''. പഴയ നിയമ മഹാപുരോഹതന്മാർ ആദ്യം തങ്ങളുടെ പാപങ്ങൾക്കായും പിന്നെ ജനങ്ങളുടെ പാപങ്ങൾക്കായും ദിനം പ്രതി യാഗം കഴിച്ചിരുന്നു. എന്നാൽ തന്നെത്താൻ പാപമില്ലാത്ത സ്വന്ത ശരീരയാഗം എന്നന്നേക്കുമായി അർപ്പിച്ചു. ന്യായപ്രമാണത്തിൽ ബലഹീനരായ മഹാപുരോഹിതന്മാരും ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ തികഞ്ഞവനായി തീർന്ന പുത്രനെ പുരോഹിതനാക്കിയിരിക്കുന്നു. പുതിയ നിയമത്തിനു വേണ്ടിയും കൂടിയാണ് അവൻ രക്തം ചിന്തിയത്. അവന്റെ രക്തത്താൽ നമ്മെ വിലക്കു വാങ്ങി അവൻ പിതാവിന് ഏൽപിച്ചു കൊടുക്കുകയാണ്. നാം രക്ഷിക്കപ്പെടുന്നത് ഈ മഹാപുരോഹിതൻ കാരണമാണ് (പ്രവൃത്തി 4:12). തന്നെ അനുസരിക്കുന്നവർക്കു അവൻ നിത്യരക്ഷയുടെ കാരണഭൂതനാണ്.

യേശു തന്റെ ദൗത്യനിർവ്വഹരണത്തിന്റെ അവസാനഘട്ടത്തിൽ പ്രാർത്ഥിക്കുന്ന ശബ്ദം നിങ്ങൾ കേൾക്കുന്നുണ്ടോ? "ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല ; ഇവരോ ലോകത്തിൽ ഇരിക്കുന്നു ; ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന് നീ എനിക്ക് തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമേ" (യോഹന്നാൻ 17:11). പിതാവേ നീ ലോക സ്ഥാപനത്തിനു മുൻപേ എന്നെ സ്നേഹിച്ചിരിക്ക കൊണ്ടു എനിക്ക് നൽകിയ മഹത്വം നീ എനിക്ക് തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്ന ഇടത്ത് അവരും എന്നോടു കൂടെ ഇരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു (യോഹന്നാൻ 17:24).

കരുണാമയനും സർവ്വ ശക്തനും മഹാപുരോഹിതനുമായ കർത്താവിന്റെ പൗരോഹിത്യം തീർച്ചയായും എന്നേക്കുമുള്ളതാകുന്നു (എബ്രായർ 7:17). കേൾപ്പാൻ കഴിയാത്തവണ്ണമല്ല അവൻ ഇരിക്കുന്നത്. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നവർക്ക് അവൻ രക്ഷാ സന്ദേശം എത്തിച്ചുകൊടുക്കും. താഴ്മയോടെ ദൈവ കൽപന അനുസരിക്കുന്നവരെ അവൻ സ്വീകരിക്കും. അങ്ങനെ അവന്റെ സുവിശേഷ വിളി സ്വീകരിച്ചവർക്ക് സ്വർഗ്ഗീയമായ അവകാശം ലഭിക്കും. അവരെ ഉയർത്തി ദൈവം അനുഗ്രഹിക്കും. അടുത്തുള്ളവരെയും ദൂരസ്ഥരെയും അവൻ രക്ഷിക്കും. തന്നോട് അടുക്കുന്നവരെ അവൻ പൂർണ്ണമായി രക്ഷിപ്പാൻ പ്രാപ്തൻ തന്നെ. പഴയ നിയമ പൗരോഹിത്യം മാറി പോകുന്നതാണ്. എന്നാൽ പുതിയ നിയമ പൗരോഹിത്യം എന്നേക്കും നിലനിൽക്കുന്നതാണ്. അഴിഞ്ഞു പോകാത്ത ജീവന്റെ ശക്തിയാൽ ഉളവായ പുരോഹിതനാണ് മൽക്കീസെദേക്കിന് സദൃശ്യനായി ഉദിച്ചത്. നാം ഇന്ന് എത്രയോ ഭാഗ്യമുള്ളവർ എന്നു പറയാൻ കാരണം അതാണ്. അങ്ങനെയുള്ള കർത്താവിന്റെ കൽപനകളെ നിങ്ങൾ ഉപേക്ഷിച്ചു കളയരുത്. നിത്യമായി നമ്മെ രക്ഷിപ്പാനും നിത്യമായി ശിക്ഷിക്കുവാനും നമുക്കു കഴിയും എന്നോർക്കുക. അതുകൊണ്ട് ഏക മദ്ധ്യസ്ഥനും രക്ഷകനും ആയ കർത്താവിന്റെ രക്ഷയെ നിരസിക്കരുത്. അവൻ വീണ്ടും വരുമ്പോൾ നടത്തുന്ന ന്യായവിധിയിൽ ശിക്ഷിക്കപ്പെടുവാൻ ഇട വരരുത്. യേശുക്രിസ്തുവാണ് അന്ത്യവിധി നടത്തുന്നത്.

★

# പ്രാർത്ഥനയ്ക്ക് എങ്ങനെ മറുപടി ലഭിക്കും?

ജെ. സി. ചോട്ട്

സ്വർഗ്ഗീയ പിതാവിനോട് നാം സംസാരിക്കുന്നത് പ്രാർത്ഥന മുഖാന്തരമാണ്. നാം അവന്റെ ഇഷ്ടപ്രകാരം പ്രാർത്ഥിച്ചാൽ അത് ദൈവം കേൾക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട് (യോഹന്നാൻ 5:14–15). എന്നാൽ അവൻ എങ്ങനെയാണ് നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നത്? ഈ ചോദ്യത്തിന് പല വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. പക്ഷേ ദൈവ വചനത്തിൽ കാണുന്ന ഒന്നാണ് നമുക്ക് താൽപര്യം ഉള്ളത്.

ദൈവം അത്ഭുതകരമായി പ്രാർത്ഥനയ്ക്ക് മറുപടി നൽകുമെന്ന് പഠിപ്പിക്കുന്നവരുണ്ട്. അവർ പറയുന്നത്: ഒരാൾ പ്രാർത്ഥിച്ചാൽ രോഗികൾക്ക് സൗഖ്യമാകും, മരിച്ചവർ ഉയിർത്തെഴുന്നേൽക്കും, ഇങ്ങനെ അസംഖ്യം അനാവശ്യവാദങ്ങൾ നടത്താറുണ്ട്. അതിനെ ന്യായീകരിക്കാനായി അവർ യേശുക്രിസ്തുവും അപ്പോസ്തോലന്മാരും ചെയ്ത അത്ഭുതങ്ങളിലേക്ക് പോകും. യേശുക്രിസ്തുവും അപ്പോസ്തോലന്മാരും രോഗസൗഖ്യം വരുത്തി എന്നതു വാസ്തവമാണ്. എന്നാൽ അവർ ലോകത്തിൽ നിന്ന് രോഗം തുടച്ചുമാറ്റിയില്ല. അതിന് അവർക്ക് തികച്ചും പ്രാപ്തിയും ശക്തിയുമുണ്ടായിരുന്നു. പക്ഷേ ലോകത്തിൽ നിന്ന് രോഗത്തെയും വ്യാധിയെയും തുടച്ചു നീക്കുകയായിരുന്നില്ല അവരുടെ ലക്ഷ്യം. മറിച്ച് കുറേ പേർക്ക് രോഗസൗഖ്യം നൽകി; കുറെ മരിച്ചവരെ ഉയിർത്തെഴുന്നേൽപിച്ചു. ഇത് ചെയ്തത് അവരുടെ കേൾവിക്കാരെ അവർ ദൈവത്തിൽ നിന്നുള്ളതാണെന്നും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു. അവരുടെ അന്തിമ ലക്ഷ്യം കേൾവിക്കാരെ ദൈവഹിതപ്രകാരം വിശ്വാസികളാക്കുക എന്നതായിരുന്നു. അവർക്ക് കർത്താവ് അത് ചെയ്യുവാനുള്ള അധികാരം കൊടുത്തിരുന്നു. വെറുതെ രോഗികളെ സൗഖ്യമാക്കുകയായിരുന്നില്ല അവർ. ക്രിസ്തുവിനു ശേഷം പുതിയ നിയമം മുഴുവനായി എഴുതിത്തീർന്നപ്പോൾ അത്ഭുതങ്ങൾ നിന്നുപോയി. ഒരാൾക്ക് അത്ഭുതരോഗസൗഖ്യത്തിനു വേണ്ടി കർത്താവിനോട് പ്രാർത്ഥിക്കാം. പക്ഷേ, അത്തരം പ്രാർത്ഥനയ്ക്ക് മറുപടി തരുമെന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടില്ല.

മുൻപ് പ്രസ്താവിച്ചതിനർത്ഥം ദൈവം ഇപ്പോൾ പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നില്ല എന്നല്ല. അങ്ങനെയാണെങ്കിൽ പ്രാർത്ഥിക്കുവാൻ കർത്താവ് ആവശ്യപ്പെടുമായിരുന്നില്ലല്ലോ. "യാചിപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്ക് തുറക്കും; യാചിക്കുന്ന ഏവനും ലഭിക്കുന്നു" (മത്തായി 7:7). "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നതു ഒക്കെയും പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന് ഞാൻ ചെയ്തു തരും" (യോഹന്നാൻ 14:13). അവന്റെ ഇഷ്ടപ്രകാരം നാം എന്തെങ്കിലും അപേക്ഷിച്ചാൽ അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നുള്ളത് നമുക്ക് അവനോടുള്ള ധൈര്യമാകുന്നു. നാം എന്തപേക്ഷിച്ചാലും അവൻ നമ്മുടെ അപേക്ഷ കേൾക്കുന്നു എന്നറിയുന്നുവെങ്കിൽ അവനോട് കഴിച്ച അപേക്ഷ നമുക്ക് ലഭിച്ചു എന്നും അറിയുന്നു (1 യോഹന്നാൻ 5:14–15).

ദൈവത്തിന്റെ പ്രവൃത്തികൾ അത്ഭുതകരമായ ആയുധങ്ങൾ മാത്രമാണെന്ന് ധരിച്ചാൽ നാം തെറ്റിപ്പോയിരിക്കുന്നു. ചരിത്രം മുഴുവൻ പരിശോധിച്ചാൽ പ്രാർത്ഥനയ്ക്ക് മറുപടി നൽകിയിട്ടുള്ളതെല്ലാം തന്റെ കൃപയാൽ, കരുണയാൽ സ്വാഭാവികമായി സംഭവിക്കുന്ന രീതിയിൽ ഒക്കെ പ്രവർത്തിച്ചിട്ടുണ്ട്. അവൻ ഗവൺമെന്റിൽ കൂടെയും, സംഭവങ്ങളിൽ കൂടെയും, വിവരങ്ങളിൽ കൂടെയും, മാനുഷിക ബന്ധങ്ങളിൽ കൂടെയും, ആഹാരത്തിൽ കൂടെയും, വെള്ളത്തിൽ കൂടെ പ്രവർത്തിച്ചു നമ്മെ ജീവിക്കുവാനും പ്രവർത്തിക്കുവാനും ഉത്തേജിപ്പിക്കുന്നുണ്ട്. അതു പോലെ അനേകായിരം വസ്തുതകളിലൂടെ അവൻ പ്രവർത്തിക്കുന്നുണ്ട്.

പ്രകൃതിയെ ഉപയോഗിച്ച് കർത്താവ് സുഖം നൽകുന്നുണ്ട്. ചെടികളും മറ്റു ഔഷധങ്ങളും രോഗത്തെ ശമിപ്പിക്കുന്നതാണ്. അവ ദൈവത്താൽ ഉളവായതാണ്. ഡോക്ടർമാരിൽ കൂടെയും നഴ്സുമാരിൽ കൂടെയും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്ക് വൈദ്യന്റെ ആവശ്യമുണ്ടെന്നാണ് കർത്താവ് പറഞ്ഞത്. യേശു അത് കേട്ട് അവരോട്: "ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെക്കൊണ്ട് ആവശ്യമില്ല; ഞാൻ നീതിമാന്മാരെയല്ല, പാപികളെ അത്രേ രക്ഷിപ്പാൻ വന്നത് എന്നു പറഞ്ഞു" (മർക്കോസ് 2:17).

ദൈവത്തിന്റെ സഹായത്തിനും അനുഗ്രഹത്തിനും വേണ്ടി നാം പ്രാർത്ഥിക്കുന്നു. ലോകത്തിൽ ഉത്തരവാദിത്വത്തോടെ നമ്മുടെ ഭാഗം

നിർവ്വഹിച്ചു ജീവിക്കുന്നു എങ്കിൽ പോഷകാഹാരം ഭക്ഷിച്ച് പാനം ചെയ്ത് അദ്ധ്വാനിച്ച് ആരോഗ്യം സൂക്ഷിച്ചു ജീവിക്കുക. ദൈവസഹായമായ പ്രപഞ്ചത്തിലെ ഔഷധങ്ങളും, വൈദ്യസഹായവും (ഡോക്ടർമാരും നഴ്സുമാരും) നമുക്ക് ആവശ്യമുള്ളപ്പോൾ നൽകും. ഉദ്ദാഹരണമായി ഞാൻ രോഗിയായപ്പോൾ നല്ലൊരു വൈദ്യപരിശോധന നടത്തി. അവസാന ഘടത്തിൽ "കൊലനോസ്കോപ്പി" എന്ന പരിശോധന നടത്താനാവശ്യപ്പെട്ടു. അവരുടെ ആ പരിശോധനയിൽ എന്റെ വൻകുടലിൽ ഒരു മുഴ കണ്ടെത്തി. കുടൽ ഭിത്തി മുറിച്ച് ആ മുഴ പുറത്തു കടക്കുന്നതിന് മുൻപ് ആ പരിശോധന നടത്തുവാനും അത് കണ്ടെത്തുവാനും സഹായിച്ച ദൈവത്തിന് നന്ദി. ഓപ്പറേഷൻ നടത്തി അത് നീക്കം ചെയ്തു. അങ്ങനെ കുറേക്കാലം കൂടെ ദൈവ സേവയ്ക്കായി ആയുസ്സ് ദീർഘിപ്പിച്ചു തന്നു. പക്ഷേ, അതിന് അത്ഭുതമൊന്നും ആവശ്യമില്ലായിരുന്നു. പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകി. ദൈവം പ്രവർത്തിച്ചത് സ്വാഭാവിക മാർഗ്ഗത്തിലൂടെ ആയിരുന്നു എന്നു മാത്രം.

ദൈവ പൈതൽ എന്ന നിലയ്ക്ക് നമുക്ക് ഓരോരുത്തർക്കും തീരുമാനം എടുക്കാൻ ദൈവസഹായം ആവശ്യമാണ്. നാം കേൾക്കത്തക്ക ശബ്ദത്തിൽ ദൈവം സംസാരിക്കുകയില്ല. എങ്കിലും ദൈവത്തിനു നമ്മെ സഹായിക്കുവാൻ കഴിയും. വിവരത്തെ ആസ്പദമാക്കിയാണ് നാം തീരുമാനങ്ങൾ എടുക്കുന്നത്. നമുക്ക് ആവശ്യമുള്ള വിവരങ്ങൾ പല രീതിയിൽ ദൈവം നമ്മളിൽ എത്തിക്കും. വിവരങ്ങൾ വിലയിരുത്തുന്നതിലും ദൈവം നമ്മെ സഹായിക്കും. പിന്നെ നാം എടുത്ത തീരുമാനങ്ങൾ റദ്ദ് ചെയ്യാൻ ദൈവത്തോട് ആലോചന ചോദിക്കുന്നു. നാം ചെയ്യുന്നത് ശരിയാണെന്ന വിശ്വാസത്തിൽ മുൻപോട്ടു നീങ്ങുന്നു.

ആരെങ്കിലും ദൈവത്തെയും സത്യത്തെയും അന്വേഷിക്കുന്നു എന്നിരിക്കട്ടെ. എന്നാൽ അവനെ എങ്ങനെ കണ്ടെത്താമെന്ന് അവന് അറിഞ്ഞുകൂടാ. അതു പോലെ ഒരാൾ മ്യാന്മാറിൽ ഉണ്ടായിരുന്നു. ബുദ്ധമത രാജ്യമാണ് അത്. മിഷണറിമാർ എത്തി നോക്കാത്ത രാജ്യമാണ്. അയാളുടെ പ്രാർത്ഥനയ്ക്ക് ദൈവം എങ്ങനെയാണ് മറുപടി നൽകിയത്? സന്ദർഭവശാൽ റംഗൂൺ എയർപോർട്ടിൽ വെച്ച് അയാൾ ഒരു ഇന്ത്യക്കാരനെ പരിചയപ്പെട്ടു. അയാൾ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് നടത്തുന്ന ആളായിരുന്നു. രണ്ടു പേരും സംസാരിക്കാൻ തുടങ്ങി. ബർമ്മക്കാരൻ മലേഷ്യയിലെ ഒരു അഡ്രസ്സ് കൊടുത്തു. അയാൾ

ബൈബിൾ കോഴ്സ് പഠിച്ച് പരിവർത്തനം ചെയ്യപ്പെട്ടു. അയാളുടെ പരിശ്രമ ഫലമായി ഇപ്പോൾ മ്യാന്മാറിൽ കർത്താവിന്റെ സഭയും തുടങ്ങി. അയാളെ സഹായിക്കാൻ ദൈവത്തോട് അപേക്ഷിച്ചത് ദൈവം കേട്ടോ? തീർച്ചയായും. എന്നാൽ അത്ഭുതം ആവശ്യമായിരുന്നില്ല. ദേശീയ അതിരുകൾ കടന്ന് മൂന്ന് രാജ്യങ്ങളിലുള്ള ആളുകളെ തമ്മിൽ ബന്ധിപ്പിക്കുകയായിരുന്നു. ആത്മാർത്ഥമായ ആത്മീയ സഹായത്തിനു വേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ദൈവം മറുപടി നൽകി.

നാം പ്രാർത്ഥിക്കുമ്പോൾ കർത്താവിന് ഏറ്റവും നന്നായി അറിയാമെന്ന് നാം വിശ്വസിക്കണം. ദൈവേഷ്ടം ചെയ്യുവാൻ നാം ആഗ്രഹിക്കുകയും വേണം. പലപ്പോഴും മനുഷ്യരായ നാം നമ്മുടെ ആഗ്രഹങ്ങളാണ് പ്രാർത്ഥനയിൽ ദൈവത്തോട് ആവശ്യപ്പെടുന്നത്. നാം അത് തുടർന്നുകൊണ്ടേയിരിക്കും. ദൈവം എന്നെങ്കിലും മനസു മാറി ആഗ്രഹിക്കുന്നത് നടത്തിത്തരും എന്നാണ് നാം ചിന്തിക്കുന്നത്. അതല്ലേ, ചിലപ്പോൾ നാം ചെയ്തുകൊണ്ടുമിരിക്കുന്നത്? നാം പ്രാർത്ഥിക്കുമ്പോൾ വളരെ ശ്രദ്ധിക്കേണ്ടത് എന്തെന്നാൽ നമ്മുടെ ഇഷ്ടമല്ല, മറിച്ച് ദൈവത്തിന്റെ ഇഷ്ടം നടക്കട്ടെ എന്നായിരിക്കണം. കാരണം നമുക്ക് ഏറ്റവും നലല്ത് എന്താണെന്ന് നമ്മെക്കാൾ കൂടുതൽ ദൈവത്തിനറിയാം. ഉദ്ദാഹരണത്തിന് നാം സമ്പത്തിനു വേണ്ടി പ്രാർത്ഥിക്കുന്നു എന്നിരിക്കട്ടെ; അത് ലഭിച്ചാൽ നാം നശിക്കാനിടയാകും എന്നു ദൈവത്തിനറിയാം. അതുകൊണ്ടാണ് അത് നൽകാതിരിക്കുന്നത്. ദീർഘായുസിനു വേണ്ടി പ്രാർത്ഥിക്കുന്നു എന്നു കരുതുക. എന്നാൽ കൂടുതൽ കാലം ജീവിച്ച് കർത്താവിൽ നിന്നും അകന്ന് നഷ്ടപ്പെട്ടു പോയാലോ? അതുകൊണ്ട് ദൈവം അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്നു. ഉയർന്ന വിദ്യാഭ്യാസത്തിനു വേണ്ടി ചിലർ പ്രാർത്ഥിച്ചേക്കാം. അതു ലഭിച്ചാൽ നാം അഹങ്കരിച്ച് കർത്താവിന് കീഴ്പ്പെടുവാൻ മനസില്ലാതെ പോകും. നമുക്കു നല്ലതെന്നു തോന്നുന്ന അനേകം കാര്യങ്ങൾ ലോകത്തിലുണ്ട്. എന്നാൽ ദൈവത്തിന്റെ പരമോന്നത പരിജ്ഞാനത്താൽ നമുക്ക് ഏറ്റവും ഉചിതമായതേതെന്ന് അറിഞ്ഞ് ദൈവം പ്രവർത്തിക്കുന്നു.

നാം പ്രാർത്ഥനയിൽ വിശ്വസിക്കുന്നുവോ? തീർച്ചയായും വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവം പ്രാർത്ഥനയ്ക്ക് മറുപടി നൽകുന്നുവോ? നൽകും. അത്ഭുതകരമായി ദൈവം പ്രാർത്ഥനയ്ക്ക് മറുപടി നൽകുമെന്ന് അവൻ വാഗ്ദാനം ചെയ്തിട്ടില്ല. ദൈവ കടാക്ഷ

ത്താൽ സ്വാഭാവികവും പ്രത്യക്ഷവുമായ മാർഗ്ഗങ്ങളിലൂടെ ദൈവം പ്രവർത്തിക്കുന്നു. ഇതു നമ്മുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഉതകുന്നു. നമ്മുടെ പ്രാർത്ഥനയ്ക്ക് മറുപടി നൽകുവാൻ ദൈവം മനോഹരവും അപ്രതീക്ഷിതവുമായ മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. സംശയിക്കാതെ വിശ്വസിച്ചു കൊണ്ട് കർത്താവിനോട് പ്രാർത്ഥിക്കണം. വിശ്വസ്തരായ മകനും മകളും എന്ന നിലയിൽ പിതാവിനോട് സംസാരിക്കണം. അവൻ നിങ്ങളോടും നിങ്ങളുടെ ആവശ്യങ്ങളോടും പ്രതികരിക്കും. നിങ്ങൾക്ക് ഏറ്റവും നല്ലതു തന്നെ അവൻ ചെയ്യും.

★

# കൃപയുടെ മഹത്വം

**കെ. സി. മോശെർ**

സർവ്വ ദേശീയമായി പ്രശംസിക്കപ്പെടുന്ന വിഷയമാണ് കൃപ. എന്താണ് കാരണം? ജനക്കൂട്ടത്തിന്റെ താൽപര്യത്തിനു നിങ്ങൾ വെറുതെ നിന്നു കൊടുക്കുകയാണോ? ഉദ്ദാഹരണമായി എഫെസോസിലുള്ള ആളുകൾ ചെയ്തിരുന്നത് നോക്കുക. ''എഫെസ്യരുടെ അർത്തമിസ് ദേവി എന്ന് എല്ലാവരും കൂടി രണ്ടു മണി നേരത്തോളം ആർത്തു കൊണ്ടിരുന്നു'' (പ്രവൃത്തി 19:34). ''നാം ദൈവത്തിന്റെ കൃപ എത്ര വലുത്'' എന്ന് ആർത്തു വിളിക്കുന്നുണ്ടോ? അറിയാതെ നാം എന്തിന് നിലവിളിക്കണം? ദൈവിക കൃപ വാസ്തവത്തിൽ മനുഷ്യരുടെ പുകഴ്ചയ്ക്കു യോഗ്യമോ? അങ്ങനെയെങ്കിൽ എന്തുകൊണ്ട്? നാം ദൈവത്തിന്റെ കരുണയെ പുകഴ്ത്തുമ്പോൾ നമുക്ക് വെറും അധര സേവയിൽ മാത്രം അത് ഒതുക്കാതിരിക്കാം. കൃപയെ കൃപയുടെ സ്ഥാനത്തു നിർത്തി നമുക്ക് അതിന്റെ പേരിൽ ദൈവത്തെ മഹത്വപ്പെടുത്താം. ദൈവത്തിന്റെ കൃപയെ നാം മഹത്വപ്പെടുത്തേണം എന്ന് പറയുവാനുള്ള ഏതാനും കാരണങ്ങൾ നമുക്ക് പരിശോധിക്കാം.

**ദൈവത്തിനു തന്നെ മഹത്വം കൊടുക്കുന്നതിൽ മുഖ്യമാണ് കൃപ**

ഈ പ്രസ്താവനയെ ആരും ചോദ്യം ചെയ്യുകയില്ല എന്നു ഞാൻ കരുതുന്നു. ദൈവം കരുണയില്ലാത്തവനാണെന്ന് ആർക്കെങ്കിലും ചിന്തിക്കാൻ

കഴിയുമോ? അവൻ സർവ്വ വ്യാപിയും സർവ്വ ശക്തനുമാണ്. അവൻ നീതിമാനാണ്. എന്നാൽ പാപിയായ മനുഷ്യന് ദൈവത്തിന്റെ ഈ സ്വഭാവത്തിൽ എന്ത് ആശ്വാസമാണ് ലഭിക്കുന്നത്? അവന്റെ അപാര ജ്ഞാനവും, അപാര ശക്തിയും, അപാര നീതിയും എല്ലാം തന്നെ മനുഷ്യന്റെ എല്ലാ ബലഹീനതയെയും പാപ ജീവിതത്തെയും ശിക്ഷിക്കാതിരിക്കാൻ കാരണമാകുന്നില്ല. കരുണയില്ലെങ്കിൽ നീതി നിറവേറ്റുവാൻ ശിക്ഷിക്കണം.

കരുണ എന്ന സ്വഭാവത്തിനുമപ്പുറമായി ദൈവത്തെ ധ്യാനിക്കാമോ? പാപിയായ മനുഷ്യന് ദൈവത്തെ സ്തുതിക്കുവാൻ കൃപ കൂടാതെ സാദ്ധ്യമല്ല. നരകവും സ്വർഗ്ഗവും ഒരേ രീതിയിൽ പ്രസംഗിക്കുവാൻ കഴിയുമോ? ദൈവനീതി യഥർത്ഥത്തിൽ ഗ്രഹിക്കുന്നവർക്ക് കഴിയും. അല്ലാത്തവർക്ക് അത് ചിന്തിക്കാൻ കൂടി പ്രയാസമാണ്. കുറ്റമുള്ളവരുടെ ഹൃദയത്തിൽ നീതി മാത്രം കൊണ്ടു നന്ദി സൂചിപ്പിക്കാൻ കഴിയുകയില്ല. യോഗ്യതയ്ക്ക് പ്രതിഫലം കൊടുത്തില്ലെങ്കിൽ ഇതെന്തു നീതി എന്നു നാം ചോദിക്കാറുണ്ട്. "എന്നാൽ പ്രവർത്തിക്കുന്നവന് കൂലി കണക്കാക്കുന്നത് കൃപയായിട്ടല്ല, കടമായിട്ടത്രേ" (റോമർ 4:4). കൃപ അതിൽ നിന്നും വേറിട്ട് നിൽക്കുന്നു.

ദൈവം കരുണയുള്ള പിതാവാണെന്ന് ചിന്തിക്കുക. അവന്റെ ശക്തി, ജ്ഞാനം, നീതി എന്നിവ പുതിയ ഉപയോഗം കണ്ടെത്തുന്നു. ദൈവം തന്റെ ജ്ഞാനം വെളിപ്പെടുത്തിയിരിക്കുന്നത് ജനങ്ങളെ നശിപ്പിക്കുന്നതിനല്ല; പിന്നെയോ അവരെ രക്ഷിക്കേണ്ടതിനാണ്. പാപികളായവർക്ക് അതിൽ നിന്നും രക്ഷപ്പെടുവാനുള്ള വഴിയാണ് ദൈവിക ജ്ഞാനം വെളിപ്പെടുത്തുന്നത്. അത് നിമിത്തം ഒരു മകനെ കണ്ടെത്താൻ കഴിയും. രക്ഷാ വഴി നടപ്പാക്കുവാൻ ദൈവ ജ്ഞാനവും ശക്തിയും ഒരുമിച്ച് പ്രവർത്തിക്കുന്നു. എന്നാൽ കരുണ എന്ന തത്വത്താൽ പ്രാവർത്തികമാക്കുന്നു. പാപികളുടെ നാശം അല്ല, രക്ഷയാണ് ദൈവിക ദയവു വരുത്തുന്നത്. ദൈവത്തിന്റെ അളവറ്റ കൃപ നിമിത്തമാണ് വചനം ജഡമായിത്തീർന്നത്. ജ്ഞാനം, ശക്തി, കരുണ എന്നിവ യോജിച്ചു പ്രവർത്തിക്കുകയാണ് യേശുവിലൂടെ.

✶

# സുവിശേഷം, നിങ്ങൾ അതിന് യോഗ്യർ

**ഡേവിഡ് തർമാൻ**

അപ്രാധാന്യൻ എന്നു നിങ്ങൾക്കെപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ? നിങ്ങളുടെ ജീവിതത്തിൽ ആളുകൾ (കുടുംബാംഗങ്ങൾ, സ്നേഹിതന്മാർ, സഹപ്രവർത്തകർ) നിങ്ങളെ കണക്കിലെടുക്കാത്ത അവസ്ഥ എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ? നിങ്ങളെ അവർ ശ്രദ്ധിക്കുക പോലും ചെയ്യാതിരിക്കുന്നതായി തോന്നിയിട്ടുണ്ടോ? നാം അയോഗ്യർ എന്നു ഗണിക്കുന്ന ശക്തിയാണ് നമ്മുടെ ലോകത്തിനുള്ളത്. നാം അത് കാര്യമല്ല എന്ന തോതിൽ ജീവിതത്തിന്റെ തിര നമ്മിൽ അടിക്കുന്നതായി നമുക്കു തോന്നാം.

അപ്രസക്തർ എന്നു തോന്നുന്നവർക്കായി നമ്മുടെ ദൈവം സുവിശേഷം നൽകിയിരിക്കുന്നു. നിങ്ങൾ അവനു വിലയുള്ളവനാണെന്ന് തിരിച്ചറിയുവാൻ അവൻ ആഗ്രഹിക്കുന്നു. നിങ്ങൾ അവന് വിലയുള്ളവനാണെന്ന് തിരിച്ചറിയുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം ദൈവത്തിന് എത്ര മാത്രം വിലപ്പെട്ടവരാണെന്ന് റോമർ 5:1-11 വരെയുള്ള വേദഭാഗങ്ങളിൽ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിലായി തീരുക എന്നു പറഞ്ഞാൽ നാം ദൈവ മുമ്പാകെ ശരിയായി തീരുക എന്നാണർത്ഥം. പൗലോസ് അവിടെ ആരംഭിക്കുന്നത്; വിശ്വാസത്താൽ നീതികരിക്കപ്പെട്ടിട്ട്....... എന്നു പറഞ്ഞുകൊണ്ടാണ്. നാം ദൈവത്താൽ നീതിയുള്ളവനായി തീരുന്നു. നീതികരിക്കപ്പെടുമ്പോൾ നമ്മിൽ ദൈവ കോപം നീങ്ങപ്പെടുന്നു. വിശ്വാസത്താൽ നീതികരിക്കപ്പെടുമ്പോൾ അതിനെ തുടർന്നു ധാരാളം അനുഗ്രഹം നമുക്കായി വെച്ചിരിക്കുന്നു.

## തന്റെ പുത്രൻ മുഖാന്തരം ദൈവത്തിൽ നിന്നു സമാധാനം

വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട് (റോമർ 5:1). പിന്നീട് ദൈവം കോപിക്കാതിരിക്കുന്നു. മനുഷ്യനും ദൈവവും തമ്മിൽ സമാധാനം ഉണ്ടാകേണ്ടതിനായിരുന്നു അവൻ തന്റെ പുത്രനെ അയച്ചത്.

നീതികരിക്കപ്പെട്ട നിങ്ങളോട് അവൻ ശത്രുതാ മനോഭാവം വെക്കുന്നില്ല. എന്നാൽ കഴിഞ്ഞ കാലം അങ്ങനെ ആയിരുന്നില്ല. പാപങ്ങൾ മാഞ്ഞുപോയതു കൊണ്ട് ദൈവക്രോധവും നീങ്ങപ്പെട്ടു. നാം ഓരോരുത്തരും ക്രിസ്തുവിലാകുമ്പോൾ നമുക്ക് ദൈവത്തോട് സമാധാനം ഉണ്ട്.

എങ്ങനെയായാലും ഈ സമാധാനം വെറും മനുഷ്യനും ദൈവവും മാത്രമുള്ള ഒന്നല്ല. ജീവിതത്തെ അഭിമുഖീകരിക്കാൻ നമ്മുടെ ഉള്ളിൽ പ്രേരണ നൽകുന്ന ഒന്നാണ്. പുറമേ സംഘർഷം ഉണ്ടാകുമെങ്കിലും അകം ശാന്തമായിരിക്കും. വിചാരപ്പെടുമ്പോൾ ഉള്ളിൽ പ്രസന്നത അനുഭവപ്പെടും. നമ്മുടെ ഹൃദയങ്ങളിൽ കുഴപ്പങ്ങൾ അലയടിക്കുമ്പോൾ ശാന്തത നൽകുന്നതാണ്. ദൈവിക സമാധാനം - നാമും മറ്റു മനുഷ്യരും തമ്മിലുണ്ടാകുന്നതുമാണ്. പാപത്തിന്റെ കുറ്റം ആരോപിക്കപ്പെടുമ്പോൾ അതിനെ എതിരിടുവാൻ, നമ്മെ സ്വയം സംരക്ഷിക്കുകയും ചെയ്യുന്നു. ഇപ്പോൾ ദൈവം നമ്മെ നീതികരിച്ചിരിക്കുന്നു. മറ്റുള്ളവരിൽ നിന്നുള്ള സംരക്ഷണം നമുക്ക് ഇനി ആവശ്യമില്ല. ദൈവം നമ്മുടെ സംരക്ഷകനാകുന്നു. ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ചിരിക്കുക കൊണ്ട് പ്രശ്നങ്ങളും പോരാട്ടങ്ങളും അലട്ടുന്നതെന്തും നമുക്ക് വിട്ടു കളയാം. ക്രിസ്തു മുഖാന്തരം നീതികരിക്കപ്പെടുക എന്നാൽ നമുക്ക് ദൈവത്തോടും സഹ മനുഷ്യരോടും സമാധാനം ഉണ്ടാകുന്നു.

ഇങ്ങനെയാണ് നിങ്ങൾ ദൈവത്തിന് പ്രയോജനമുള്ള, പ്രാധാന്യമുള്ളവനായി തീരുന്നത്. നിങ്ങളുടെ ജീവിതം മുഴുവൻ സമാധാനം കൊണ്ട് നിറയ്ക്കാൻ ദൈവം ആഗ്രഹിക്കുന്നു. പിതാവ് എന്ന നിലയിൽ ദൈവത്തോട് ബന്ധം പുലർത്തുവാനുള്ള സമാധാനമാണ് നമുക്ക് കിട്ടുന്നത്. മറ്റുള്ളവരോടും നിങ്ങൾക്ക് സ്വയമായും ലഭിക്കുന്നതാണ് ഈ സമാധാനം. ദൈവം നിങ്ങളെ വിലമതിക്കുകയും നിങ്ങൾ അതിന് മതിയായവനെന്ന് തെളിയിക്കുന്ന ഒരു വഴിയും അവൻ നൽകിയിരിക്കുകയാണ്.

### അവന്റെ കൃപയാൽ ദൈവത്തോട് അടുക്കാം

നാം നിൽക്കുന്ന ഈ കൃപയിലേക്ക് നമുക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു (റോമർ 5:2). യേശുക്രിസ്തു മുഖാന്തരമാണ് സമാധാനം ലഭിക്കുന്നത്. നമുക്ക് വിശ്വാസവും വേണം. അവൻ മൂലമാണ് കൃപയലേക്കും നാം കടക്കുന്നത്. അതിനും വിശ്വാസം ആവ

ശ്യമാണ്. നാം ദൈവതേജസിന്റെ പ്രത്യാശയാൽ പ്രശംസിക്കുന്നു. നീതികരിക്കപ്പെട്ടവർക്ക് ദൈവത്തിന്റെ മഹത്വകരമായ കൃപ ലഭിക്കുന്നു. ദൈവമുൻപാകെ നീതികരിക്കപ്പെട്ടവർ കർത്താവിന്റെ കൃപയ്ക്ക് അർഹരാണ്. നമ്മുടെ സൽപ്രവൃത്തിക്കോ പ്രകടനങ്ങൾക്കോ ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാദ്ധ്യമല്ല. ദൈവത്തിന്റെ ഉപകാരം അനർഹരായ നമുക്ക് സാദ്ധ്യമാക്കി തീർക്കുന്നു. അതിനായി നമുക്ക് ദൈവത്തിൽ വിശ്വാസം ആവശ്യമാണ്. നമുക്ക് ദൈവത്തോട് സമാധാനവും നിരപ്പും പ്രാപിച്ചാൽ പൂർണ്ണമായ ഒരു ബന്ധം ദൈവവുമായി പുലർത്തുവാനും അത് ആസ്വദിക്കുവാനും നമുക്ക് അവസരമുണ്ട്. ഇത് സംഭവിക്കുന്നത് നമ്മുടെ നന്മ കൊണ്ടല്ല, അവന്റെ കൃപയാലത്രേ. നിങ്ങൾ ദൈവത്തിനുള്ളവരാണെന്നും നിങ്ങൾ വിലമതിക്കപ്പെട്ടവരാണെന്നും നിങ്ങൾ അറിയേണ്ടതിനാണ് കൃപ നൽകിയിരിക്കുന്നത്. ആത്മാവിന്റെ വില തിരിച്ചറിയാതെ പാപത്തിൽ ജീവിച്ചാൽ ആർക്കും ദൈവത്തോട് അടുക്കുവാൻ കഴിയുകയില്ല. കാരണം ദൈവം പരിശുദ്ധനാണ്. നാം മരിക്കേണ്ട സ്ഥാനത്ത് യേശു മരിക്കുവാൻ ദൈവം അനുവദിച്ചപ്പോൾ നിങ്ങൾ അവന് വിലപ്പെട്ടവനാണ് എന്ന് ഓർമ്മിപ്പിക്കുകയാണ് ചെയ്യുന്നത്.

## അവന്റെ ആത്മാവിനാൽ ദൈവത്തിൽ നിന്ന് സന്തോഷം

അതു തന്നെയല്ല, കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്ന് അറിഞ്ഞു നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശയ്ക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ (റോമർ 5:3–5). നമുക്ക് ഇഷ്ടമാകുന്ന ആന്തരിക സമാധാനത്തെയാണ് പൗലോസ് വിവരിക്കുന്നത്. നാം പരീക്ഷണത്തെ നേരിട്ടേക്കാം, അപ്പോഴും നമുക്ക് ധൈര്യമുണ്ട്, കാരണം ദൈവം നമുക്ക് നൽകിയിരിക്കുന്നതും ചെയ്തിരിക്കുന്നതും ധൈര്യം പകരുന്നതാണ്. ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുകയാണ്.അത് പരിശുദ്ധാത്മാവിനാലാണ്. നിങ്ങൾ ദൈവത്തിന് എന്തു മാത്രം വിലയുള്ളവരാണ്? വിശ്വാസിയായാൽ ദൈവം നിങ്ങളെ കാണുന്നത് തന്റെ ആത്മാവ് വസിക്കുന്ന നീതിയുള്ള മന്ദിരമായിട്ടാണ്.

★

# ക്രൂശിന്റെ വഴി വീട്ടിലേക്ക് നയിക്കുന്നു

**ലെനി റീഗെൻ**

ബൈബിളിന്റെ മുഖ്യവിഷയം ക്രിസ്തുവിന്റെ ക്രൂശാണ്. പഴയ നിയമ പ്രവാചകൻ ഈ ക്രൂശിന്റെ സംഭവത്തിലേക്ക് ഉറ്റുനോക്കുവാൻ ആഗ്ര ഹിച്ചു. പുതിയ നിയമം അടിസ്ഥാനപ്പെടുത്തുന്നതും ക്രൂശുമായി ബന്ധ പ്പെട്ടതാണ്. അപ്പോസ്തോലന്മാരുടെയും ഒന്നാം നൂറ്റാണ്ടിലെയും ക്രിസ്ത്യാനികളുടെയും പ്രസംഗങ്ങൾ കേന്ദ്രീകരിച്ചത് ക്രൂശിക്കപ്പെട്ട ക്രിസ്തു എന്നതിലായിരുന്നു. "ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യെഹൂദന്മാർക്ക് ഇടർച്ചയും ജാതികൾക്ക് ഭോഷത്വവു മെങ്കിലും" (കൊലോസ്യർ 1:23). ക്രൂശിന്റെ വചനം എന്നും സുവിശേ ഷത്തെ കുറിച്ച് പറഞ്ഞിട്ടുണ്ട്. ദൈവപദ്ധതിയുടെ നടത്തിപ്പായിരുന്നു കാൽവറിയിലെ യേശുവിന്റെ ക്രൂശ്. ഇതിനിടയാക്കിയത് മനുഷ്യരുടെ പാപവുമാണ്.

എന്തുകൊണ്ട് ഒന്നാം നൂറ്റാണ്ടിലെ സഭ ക്രിസ്തുവിന്റെ ക്രൂശ് കേന്ദ്രബിന്ദുവായി എടുത്ത് പ്രസംഗിപ്പാനും ഉപദേശിപ്പാനും തുടങ്ങി എന്നതിനു മതിയായ കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്, മനുഷ്യൻ ആരാണെന്ന് ക്രിസ്തുവിന്റെ ക്രൂശ് വെളിപ്പെടുത്തുന്നു. നാം ദൈവത്തിന്റെ നിയമം ലംഘിച്ചതു കൊണ്ടാണ് പാപികളായത് (1 യോഹന്നാൻ 3:4). നാം പാപം ചെയ്തു ദൈവത്തിൽ നിന്നുമകന്നു പോയി. ആകയാൽ നമ്മെ ദൈവത്തോട് അടുപ്പിക്കുവാൻ ഒരു മദ്ധ്യസ്ഥൻ ആവശ്യമായി വന്നു. ദൈവ നിയമമനുസരിച്ച് പാപത്തിനുള്ള ശിക്ഷ മരണമാണ്. ദൈവ ത്തിൻന്റെ അരുളപ്പാട് ദൂതൻ മുഖാന്തരം കന്യകയായിരുന്ന മറിയയെ വിവാഹ നിശ്ചയം ചെയ്ത യോസേഫിനു ലഭിച്ചു. "അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷി പ്പാനിരിക്കുക കൊണ്ട് നീ അവന് യേശു എന്നു പേരിടേണം എന്നു പറഞ്ഞു" (മത്തായി 1:21). യേശു ജനിച്ചു വളർന്നപ്പോൾ തന്റെ വരവിന്റെ ഉദ്ദേശ്യം അവൻ തന്നെ വ്യക്തമാക്കി. "കാണാതെ പോയതിനെ തിരഞ്ഞു രക്ഷിപ്പാനല്ലോ മനുഷ്യപുത്രൻ വന്നത്."

രണ്ടാമതായി ദൈവം എങ്ങനെയുള്ളവൻ എന്നു വെളിപ്പെടുത്തുകയാണ് ക്രൂശ്. ദൈവത്തിന് ലോകത്തുള്ള ജനങ്ങളോടുള്ള അതിരുകവിഞ്ഞ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതാണ് ക്രൂശ്. മനുഷ്യ വർഗ്ഗത്തെ ദൈവം എത്രമാത്രം സ്നേഹിച്ചിരുന്നു എന്ന് ബൈബിളിൽ ഉടനീളം വ്യക്തമാക്കുന്നുണ്ട്. ദൈവം തന്റെ പുത്രനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു എന്നു യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. നാം പാപികൾ ആയിരുന്നപ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചത് അവനു നമ്മോടുള്ള സ്നേഹത്തെ കാണിക്കുന്നു (യോഹന്നാൻ 3:16 ; റോമർ 5:8). ആരും നശിച്ചു പോകുന്നത് ദൈവത്തിനിഷ്ടമുള്ള കാര്യമല്ല. കർത്താവ് വീണ്ടും വരുവാൻ താമസിക്കുന്നതും ആളുകൾ മാനസാന്തരപ്പെടുവാൻ അവൻ ദീർഘക്ഷമ കാണിക്കുന്നതും അതുകൊണ്ടാണ് (2 പത്രോസ് 3:9). ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തെ നമുക്ക് ക്രൂശിൽ ദർശിക്കാം. മൂന്നാമത് പാപം എത്ര ഭയാനകമാണെന്ന് ക്രൂശ് വെളിപ്പെടുത്തുന്നു. ഒരു മനുഷ്യൻ പാപം ചെയ്യുമ്പോൾ അയാളിൽ കുറ്റാരോപണം ഉണ്ടാകുന്നു. ആ പ്രത്യേക കുറ്റത്തിന് ശിക്ഷ അയാൾ ഏൽക്കണം. അത് തികച്ചും ന്യായമാണ്. നിരപരാധിയും പാപമില്ലാത്തവനുമായ യേശു യാതൊരു തെറ്റുമില്ലാതിരുന്ന മനുഷ്യനായി നമ്മുടെ അകൃത്യങ്ങൾക്കായി മരിച്ചു. സ്വയം ത്യാഗമായി യാഗത്തിന് ഏൽപ്പിച്ചുകൊടുത്തു. നാം ക്രിസ്തുവിന്റെ ക്രൂശ് പരിശോധിക്കുമ്പോൾ പാപികളായ മനുഷ്യർ പാപമില്ലാത്തവനെ കൊല്ലുന്ന കാഴ്ചയാണ് കാണുന്നത്. ദൈവപുത്രനായ യേശുവിനെ അകൃത്യയാഗമായി ദൈവം കാണുന്നു.

ദൈവ നീതിക്കായി ക്രൂശ് ആവശ്യമായി വന്നതു നാം മനസ്സിലാക്കാതെ പോയാൽ അതെത്ര ഖേദകരമാണ്. അനേകർ ക്രൂശിൽ ചൊരിഞ്ഞ രക്തത്തെ ചോദ്യം ചെയ്യുന്നുണ്ട്. പാപം ചെയ്ത മനുഷ്യർ ശിക്ഷിക്കപ്പെടാതിരിക്കേണ്ടതിന് ക്രൂശ് അനിവാര്യമായി തീർന്നു എന്ന വസ്തുത ബൈബിൾ തുറന്നു കാണിക്കുന്നു. ആളുകൾ ക്രൂശിനെ വിവിധ തരത്തിൽ വിലയിരുത്തുന്നതായും സത്യാവസ്ഥ എന്താണെന്നും അപ്പോസ്തോലനായ പൗലോസ് പറയുന്നുണ്ട്. ‘‘ക്രൂശിന്റെ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവ ശക്തിയുമാകുന്നു’’ (1 കൊരിന്ത്യർ 1:18-24).

ക്രിസ്തുവിന്റെ ക്രൂശ് പല കാരണങ്ങളാൽ ഒഴിച്ചു കൂടാനാവാ

ത്തതായിരുന്നു. ദൈവ സ്വഭാവം നിമിത്തം കിസ്തുവിന്റെ ക്രൂശ് വേണ്ടി വന്നു. പാപത്തിന്റെ സ്വഭാവം നിമിത്തവും ക്രൂശ് ആവശ്യമായി വന്നു. ദൈവം പൂർണ്ണമായും നല്ലവനാണ്; ശക്തി, പരിശുദ്ധി, നിർമ്മലത, നീതി, തികവ് എന്നിവയിൽ ന്യൂനതയില്ലാത്തവനാണ് അവൻ. ഹബക്കുക്ക് പറഞ്ഞത്: ദോഷം കണ്ടുകൂടതെവണ്ണം നിർമ്മല ദൃഷ്ടി ഉള്ളവൻ എന്നാണ് (ഹബക്കുക്ക് 1:13). സാത്താനും അവനെ പിൻപറ്റുന്നവരും ദുഷ്ടന്മാരാണ്. പാപിയായ മനുഷ്യന് പാപവുമായി പരിശുദ്ധ ദൈവത്തോട് അടുക്കുവാൻ സാദ്ധ്യമല്ല (വെളിപ്പാട് 21:8).

ക്രൂശ് അനിവാര്യമായി തീർന്നതിന്റെ മറ്റൊരു കാരണം സകല ജനത്തിന്റെയും പാപ പരിഹാരമാണ്. ക്രൂശ് കൂടാതെ പാപപരിഹാരം പൂർണ്ണമായി നൽകുവാൻ കഴിയാതെ വന്നു. രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല. ദൈവ നീതിയുടെ മാനദണ്ഡത്തിന് മരണവും രക്തച്ചൊരിച്ചിലും വേണ്ടിവന്നു. നോഹയുടെ കാലത്ത് മാനസാന്തരപ്പെടാത്ത മനുഷ്യരെ ദൈവം ജലപ്രളയത്താൽ നശിപ്പിച്ചു. അതേ സമയം ദൈവത്തെ അനുസരിച്ച നോഹയെയും കുടുംബത്തെയും രക്ഷിക്കുകയും ചെയ്തു. ആകയാൽ ക്രിസ്തുവിന്റെ ക്രൂശ് മുഖാന്തരം സകല മനുഷ്യർക്കും രക്ഷയ്ക്കുള്ള വഴി ഒരുക്കി. യേശു ക്രൂശിൽ മരിച്ചില്ലായിരുന്നുവെങ്കിൽ നമുക്ക് ഇന്ന് ഒരു പ്രത്യാശയും ഇല്ലാതെ നശിച്ചു പോകുമായിരുന്നു. ഭനത്തിലേക്കുള്ള വഴി യേശു ആയി തീർന്നു. അത് ക്രൂശ് മുഖേനയാണ്. അതുകൊണ്ട് ക്രൂശ് അത്യാവശ്യമായി. യേശു പറഞ്ഞത്: ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല (യോഹന്നാൻ 14:6). ദൈവ രാജ്യത്തിലേക്ക് മനുഷ്യൻ പ്രവേശിക്കുന്ന വാതിലാണ് കർത്താവ്. രക്ഷിക്കപ്പെടുവാൻ മനുഷ്യർക്ക് ഇന്ന് മറ്റൊരു നാമവുമില്ല. യേശു ക്രിസ്തു മാത്രമാണ് ഏക രക്ഷകൻ (പ്രവൃത്തി 4:12). നാം രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ നാം ക്രിസ്തുവിന്റെ ക്രൂശുമായി ബന്ധപ്പെടണം (റോമർ 6:3–4). ഏതൊരു മനുഷ്യനും ന്യായവിധി ഉണ്ട്. അന്ത്യനാളിലെ വിധിയിൽ നിത്യ നാശത്തിനിരയായി തീരാതിരിക്കേണ്ടതിന് നാം ക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെ വിശ്വാസത്താലും മാനസാന്തരത്താലും ഏറ്റുപറയുന്നതിനാലും സ്നാനപ്പെടുന്നതിനാലും സ്വീകരിക്കണം.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

The English Voice of Truth is available.
One can contact Philemon or Kingsley at:
P.C. Philemonrajah, P.O. Box 15, 45 C/1 Church Lane,
Coronation Street, Arasardi, Madurai 625016
Mobile : 9244204420, 9244214421(Kingsley), 0452-2607026(Landline)

## Gospel Preaching On Television & Radio

| | | |
|---|---|---|
| Tamil : | Nambikkai TV | - Every Saturday at 8.00 pm |
| | Tamilan TV | - Every Monday at 6.00 pm |
| | Speaker : **Arjunan** | |
| | Tamilan TV | - Every Sunday at 6.45 am |
| | Nambikkai TV | - Every Sunday at 3.30 pm |
| | Speaker : **Philemon & Kingsley** | |
| | Tamilan TV | - Every Monday at 7.00 am<br>Every Thursday at 9.30 pm<br>Every Saturday at 7.15 am |
| | Speaker : **Rajanayagam** | |
| Hindi : | Subhasandesh TV | - Every Sunday & Tuesday at 7.00 pm |
| | Speaker : **Sunny, Francis & Vinay David** | |
| Malayalam : | Jai Hind TV | - Every Saturday at 6.00 am |
| | Speaker : **P. K. Varghese** | |
| Telugu : | Subhavartha TV | - Every Sunday 6.00 pm |
| | Rakshana TV | - Every Wednessday 6.30 pm |
| | Rakshana TV | - Every Thursday 11.00 am |
| | Sathyavani TV | - Every Wed & Friday 8.00 pm<br>www.sakthitv.in |
| | Aradhana TV | - Every Saturday at 6.30 am |
| | Kanthi TV | - Everyday at 7.30 am & 3.30 pm |
| | Speakers : **Joshua & Ricky Gootam** | |
| Manipur : | TC Network | - Every Monday at 6.30 pm |
| | TC Network | - Every Wed. & Friday at 6.00 am |
| | Speaker : **Thang Lien** | |

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378